# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **2289** **01.04.2013**-ൽ മറുപടിക്ക്

## നിർധന രോഗികൾക്കുള്ള ചികിത്സാ ധനസഹായം

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തെ നിർധന രോഗികൾക്കുള്ള ചികിത്സാ ധനസഹായ വിതരണത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(എ) 08.12.1998 ൽ സ്ഥാപിതമായതും ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്നതുമായ സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതിയിലൂടെ സംസ്ഥാനത്തെ നിർദ്ധന രോഗികൾക്കുള്ള ചികിത്സാ ധനസഹായ വിതരണം ചെയ്തുവരുന്നുണ്ട്.

(ബി) ഏതെല്ലാം മാരക രോഗങ്ങൾ മൂലം വിഷമിക്കുന്ന രോഗികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) മസ്തിഷ്ക രോഗം, ഹൃദ്രോഗം, വൃക്ക രോഗം, കരൾ രോഗം, അസ്ഥിരോഗം, ട്യൂമർ തുടങ്ങിയ മാരകരോഗങ്ങൾ മൂലം വിഷമിക്കുന്ന രോഗികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നത്.

(സി) ഏതെല്ലാം ശസ്ത്രക്രിയകൾക്കാണ് ഈ പദ്ധതി മൂലം ധനസഹായം ലഭിക്കുന്നത്;

(സി) താഴെ പറയുന്ന ശസ്ത്രക്രിയകൾക്കാണ് ഈ പദ്ധതിമൂലം ധനസഹായം ലഭിക്കുന്നത്.

1. മസ്തിഷ്ക ശസ്ത്രക്രിയ
2. ഹൃദയ ശസ്ത്രക്രിയ
3. കിഡ്നി മാറ്റിവെയ്ക്കൽ
4. ക്യാൻസർ (ശസ്ത്രക്രിയ, കീമോതെറാപ്പി, റേഡിയേഷൻ)
5. കരൾ മാറ്റിവെയ്ക്കൽ
6. പേസ് മേക്കർ ഇംപ്ലാന്റേഷൻ
7. ആഞ്ജിയോപ്ലാസ്റ്റി
8. അസ്ഥിരോഗ ശസ്ത്രക്രിയകൾ (ട്യൂമർ റിസക്ഷൻ & പ്രോതെസിസ് ലംബാർ തൊറാസിക്, വെർട്ടിബ്രൽ ബോഡിട്യൂമർ റിമൂവൽ)
9. ട്യൂമർ റിമൂവൽ

| | |
|---|---|
| (ഡി) ഏതൊക്കെ ആശുപത്രികളിലെ ചികിത്സയ്ക്കാണ് സാമ്പത്തിക ധനസഹായം നൽകുന്നത്; വിശദമാക്കുമോ? | (ഡി) സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ പദ്ധതിയിലൂടെ സംസ്ഥാനത്തെ നിർദ്ധന രോഗികൾക്ക ചികിത്സാ ധനസഹായം നൽകുന്നതിനായി ഉൾപ്പെടുത്തിയിട്ടുള്ള ആശുപത്രികളുടെ പട്ടിക ചുവടെ വിവരിക്കുന്നു. |

1. ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി, തിരുവനന്തപുരം
2. റീജിയണൽ ക്യാൻസർ സെന്റർ, തിരുവനന്തപുരം
3. മലബാർ ക്യാൻസർ സെന്റർ, തലശ്ശേരി
4. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം
5. മെഡിക്കൽ കോളേജ് ആശുപത്രി, ആലപ്പുഴ
6. മെഡിക്കൽ കോളേജ് ആശുപത്രി, തൃശ്ശൂർ
7. മെഡിക്കൽ കോളേജ് ആശുപത്രി, കോട്ടയം
8. മെഡിക്കൽ കോളേജ് ആശുപത്രി, കോഴിക്കോട്
9. സഹകരണ മെഡിക്കൽ കോളേജ് ആശുപത്രി, കൊച്ചി
10. ഇ.എം.എസ്. മെമ്മോറിയൽ സഹകരണ ആശുപത്രി, പാണമ്പി, പെരുന്തൽമണ്ണ
11. സഹകരണ ഹൃദയാലയ മെഡിക്കൽ കോളേജ് ആശുപത്രി, പരിയാരം, കണ്ണൂർ
12. ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, തിരുവനന്തപുരം
13. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേർണൽ ആന്റ് ചൈൽഡ് ഹെൽത്ത്, കോഴിക്കോട്
14. ജനറൽ ആശുപത്രി, എറണാകുളം
15. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത്, കോട്ടയം

സെക്ഷൻ ഓഫീസർ